പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3095 — 07.02.2018-ൽ മറുപടിക്ക്

## ചിറനെല്ലൂർ വില്ലേജിലെ ഭൂമി നികത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ ചിറനെല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 1041/1, 1042/1, 2-ൽ പ്പെട്ട ഭൂമി നികത്തുന്നതിനെതിരെ ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) തൃശ്ശൂർ ജില്ലയിലെ ചിറനെല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 1041/1, 1042/1, 2-ൽ പ്പെട്ട ഭൂമിക്ക് കേരള ഭൂവിനിയോഗ ഉത്തരവ് 1967 പ്രകാരം ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയ തൃശ്ശൂർ സബ്കളക്ടറുടെ 07.08.2015-ലെ സി2/6724/ 2010/കെ.ഡിസ് നമ്പർ ഉത്തരവിനെതിരെ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപ്പീൽ തൃശ്ശൂർ സബ് കളക്ടറുടെ നടപടി ശരിവച്ചു കൊണ്ട് 17.10.2017 തീയതിയിൽ എൽ.ആർ.എ 4/13381/2017 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |
| (ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ലാന്റ് റവന്യൂ കമ്മീഷണറുടെ 17.10.2017-ലെ എൽ.ആർ.എ 4/ 13381/2017 നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) ഇക്കാര്യം സംബന്ധിച്ച് ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി എന്നിവരിൽ നിന്നും ഏതെല്ലാം ദിവസങ്ങളിൽ തെളിവെടുപ്പ് നടത്തുകയുണ്ടായി; | (സി) ഇക്കാര്യം സംബന്ധിച്ച് അപ്പീൽ കക്ഷിയുടെയും എതിർ കക്ഷിയുടെയും വാദങ്ങൾ നേരിൽ കേൾക്കുന്നതിനായി 10.05.2017-ൽ വിചാരണ വയ്ക്കുകയും, എതിർകക്ഷി ഹാജരാകാത്തതിനെ തുടർന്ന് വീണ്ടും 21.06.2017-ന് വിചാരണയ്ക്ക് വയ്ക്കുകയും എന്നാൽ 21.06.2017-ലെ വിചാരണയ്ക്ക് നേരിൽ കേൾക്കുന്നതിൽ അപ്പീൽ കക്ഷി ഹാജരായിട്ടില്ലാത്തതിനെ തുടർന്ന് 05.07.2017-ൽ വിചാരണ നിശ്ചയിക്കുകയും ചെയ്തിരുന്നു. 05.07.2017-ലെ വിചാരണയ്ക്ക് അപ്പീൽ കക്ഷിയായ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും എതിർകക്ഷിയും ഹാജരായിരുന്നു. അപ്പീൽ പകർപ്പ് ലഭ്യമാക്കാത്തതിനെ തുടർന്ന് വീണ്ടും 19.07.2017-ൽ വിചാരണയ്ക്ക് വയ്ക്കുകയും, 19.07.2017-ൽ വിചാരണ വേളയിൽ അപ്പീൽ കക്ഷിയുടെ |

| | | | |
|---|---|---|---|
| | | | അഭ്യർത്ഥന പ്രകാരം വിചാരണ 09.08.2017-ലേയ്ക്ക് മാറ്റി വച്ചിട്ടുള്ളതുമാണ്. 09.08.2017-ന് നടത്തിയ വിചാരണയിൽ അപ്പീൽ കക്ഷി ഹാജരായിട്ടില്ലാത്തതും, എതിർകക്ഷി മാത്രം ഹാജരായിട്ടുള്ളതുമാണ്. അപ്പീൽ കക്ഷിയുടെ ഫാക്സ് സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ 09.08.2017-ലെ വിചാരണ വീണ്ടും 23.08.2017 -ലേയ്ക്ക് മാറ്റി വച്ചിട്ടുള്ളതുമാണ്. 23.08.2017-ലെ വിചാരണയ്ക്ക് ഹാജരാകാൻ കഴിയില്ലെന്ന് കാണിച്ച് അപ്പീൽ കക്ഷികൾ 21.08.2017-ൽ ഫാക്സ് സന്ദേശം നൽകിയിട്ടുള്ളതുമാണ്. 23.08.2017-ലെ വിചാരണയ്ക്ക് എതിർ കക്ഷി മാത്രം ഹാജരായിട്ടുള്ളതുമാണ്. |
| (ഡി) | 9.08.2017-ലെ ഹിയറിംഗിൽ പങ്കെടുത്തവരുടെ പേര് വിവരം നൽകാമോ; | (ഡി) | 9.08.2017-ലെ വിചാരണയിൽ അപ്പീൽ കക്ഷി ഹാജരായിട്ടില്ലാത്തതും എതിർകക്ഷിയായ ശ്രീ.പ്രേംജി പോൾ ഹാജരായിട്ടുള്ളതുമാണ്. |
| (ഇ) | ചൂണ്ടൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ 9.08.2017-ലെ ഹിയറിംഗിൽ പങ്കെടുത്തിട്ടില്ലെന്നും എന്നാൽ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്തിട്ടുള്ളതായി 17.10.2017-ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവിൽ രേഖപ്പെടുത്തിയിരി ക്കുന്നുവെന്നുമുള്ള പരാതി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വസ്തുത എന്താണെന്ന് പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (എഫ്) | മേൽ വസ്തുത പരിശോധിച്ചതിൽ 09.08.2017-ലെ വിചാരണയിൽ എതിർ കക്ഷി ശ്രീ. പ്രേംജി പോൾഹാജരായിട്ടുണ്ടായിരുന്നതായി കാണുന്നു. 17.10.2017-ലെ ഉത്തരവിനെതിരെ അപ്പീൽ കക്ഷികൾ ബഹു.ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)37367/2017 നമ്പർ കേസ് ഫയൽ ചെയിതിട്ടുണ്ട്. ആയത് നിലവിൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടി ക്രമം

പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ,തിരുവനന്തപുരം.

{ഹാജർ : എ.റ്റി.ജെയിംസ് ഐ.എ.എസ്.}

*************************************************************

തീയതി : 17/10/2017

എൽ.ആർ.എ4/13381/2017

*************************************************************

വിഷയം : 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ ക്ലോസ് 6 പ്രകാരം തൃശ്ശൂർ സബ്.കളക്ടർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ക്ലോസ് 11 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച അപ്പീൽ - തീർപ്പ് കൽപിച്ച് ഉത്തരവാകുന്നു.

പരാമർശം :1. തൃശ്ശൂർ സബ്.കളക്ടറുടെ 07.08.2015 ലെ സി.2/6724/2010/കെ.ഡിസ് നം.ഉത്തരവ്

2. ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 08.03.2017 ലെ അപ്പീൽ ഹർജിയും 10.05.2017 ലെ സ്റ്റേ പെറ്റീഷനും.

3. തൃശ്ശൂർ ആർ.ഡി.ഓ യുടെ 09.05.2017 ലെ സി2/17229/2016 (1) നം.റിപ്പോർട്ട്

അപ്പീൽ കക്ഷി : സെക്രട്ടറി ,ചൂണ്ടൽ ഗ്രാമപഞ്ചായത്ത്, കേച്ചേരി പി.ഓ തൃശ്ശൂർ 680 003

എതിർ കക്ഷി : 1. സബ്.കളക്ടർ,തൃശ്ശൂർ

2. ശ്രീ.പ്രേംജി പോൾ ,വാഴപ്പിള്ളി ഹൗസ് ചിറനല്ലൂർ ,തൃശ്ശൂർ 680 501

തൃശ്ശൂർ സബ്.കളക്ടറുടെ 07.08.2015 ലെ സി2/6724/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം ശ്രീ.പ്രേംജി പോൾ എന്നവർക്ക് തലപ്പിള്ളി താലൂക്കിൽ ചിറനല്ലൂർ വില്ലേജിൽ സർവ്വെ 1042/2 ൽപ്പെട്ട 0.057 ഹെക്ടർ നിലത്തിൽ വീട് വയ്ക്കുന്നതിന് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

എന്നാൽ പ്രസ്തുത ഭൂമി 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട് വരുന്നതാണെന്നും ടി വസ്തു നികത്തുന്നതുമൂലം

സമീപത്തുള്ള ചിറയിൽ നിന്നുള്ള വെള്ളത്തിന്റെ ഒഴുക്കിന് തടസം നേരിടും എന്നു കാണിച്ചു കൊണ്ടാണ് സൂചന 2 പ്രകാരം അപ്പീൽ ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

തലപ്പിള്ളി താലൂക്കിൽ ചിരനെല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 1041/1 , 1042/1 എന്നിവയിൽപ്പെട്ട 0.057 ഹെക്ടർ ഭൂമിയിൽപ്പെട്ട 1042/2 ലെ 14 സെന്റ് ഭൂമിയിൽ 15 ലോഡ് മണ്ണടിച്ചതായും തുടർന്ന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിനായി ടി ഭൂമിയുടെ കൈവശക്കാരെ ജില്ലാ കളക്ടർ വിചാരണ ചെയ്തിരുന്നു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ടി കേസ് നിലനിൽക്കുന്നതല്ലെന്ന് കാണിച്ച് ശ്രീ.പ്രേംജി പോൾ ബഹു.ഹൈക്കോടതിയിൽ WP© 10018/10 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ 15.05.2010 ൽ റവന്യൂ ഡിവിഷണൽ ഓഫീസർ പ്രസ്തുത സ്ഥലം പരിശോധിച്ച് നിജസ്ഥിതി ജില്ലാ കളക്ടർക്കു റിപ്പോർട്ടു ചെയ്തിരുന്നു. സ്ഥല പരിശോധനയിൽ ടി ഭൂമി ചിരനെല്ലൂർ വില്ലേജ് പാറന്നൂര് ചിറയ്ക്ക് തെക്ക് കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നതും BTR പ്രകാരം നിലമായി കിടക്കുന്നതുമാണെന്നും പ്രസ്തുത 14 സെന്റ് ഭൂമി മിക്കവാറും മണ്ണിട്ട് നികത്തി അടുത്തകാലത്ത് കപ്പ നട്ടിട്ടുള്ളതായും ,കൂടാതെ BTR പ്രകാരം നിലമായി കിടക്കുന്ന ഭൂമി 30.12.2009 നാണ് മണ്ണിട്ട് നികത്തിയതായി ശ്രദ്ധയിൽപ്പെട്ടതെന്നും ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തതായും സൂചന 3 പ്രകാരമുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃത നിലം നികത്തലിനെതിരെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനു തൃശ്ശൂർ ആർ.ഡി.ഓ യ്ക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതായും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം കക്ഷികൾ കെ.എൽ.യു അപേക്ഷ അർ.ഡി.ഓ മുമ്പാകെ സമർപ്പിക്കുകയും സ്ഥല പരിശോധന നടത്തിയതിന്റെയും അഡീ.തഹസിൽദാരുടെയും ബന്ധപ്പെട്ട കൃഷി ഓഫീസറുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് തൃശ്ശൂർ സബ്.കളക്ടർ 07.08.2015 ന് സി.2/6724/2010/കെ.ഡിസ് നം.ഉത്തരവ് പ്രകാരം നിലം പരിവർത്തനം ചെയ്ത് ഗാർഹിക ആവശ്യത്തിന് ഉപയുക്തമാക്കാൻ അനുമതി നൽകിയിട്ടുള്ളത്.

എന്നാൽ അപ്പീൽ ഹർജിയിൽ പ്രസ്തുത സ്ഥലം ഇറിഗേഷൻ വകുപ്പ് കൃഷിയിടങ്ങളിലേയ്ക്ക് വെള്ളം എത്തിക്കുന്നതിനായി നിർമ്മിച്ച ചിരനെല്ലൂർ ചിറയ്ക്ക് സമീപം സ്ഥിതി ചെയ്യുന്നതായും , അപ്പീലിനാധാരമായ വസ്തുവിലൂടെയാണ് കീച്ചേരിപ്പുഴയിലേക്കുള്ള ചാനൽ കടന്നു

പോകുന്നതെന്നും ,ടി സ്ഥലം നികത്തിയാൽ വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടും എന്നും പരാമർശിക്കുന്നു.

09.08.2017 ലെ വിചാരണയ്ക്കായി പഞ്ചായത്ത് പ്രസിഡന്റ് ഹാജരായിരുന്നതും , എന്നാൽ അപ്പീൽ കക്ഷി പഞ്ചായത്ത് സെക്രട്ടറി ആയതിനാൽ വിചാരണ മാറ്റി വയ്ക്കുകയായിരുന്നു. ടി വിവരം അന്നേ ദിവസം തന്നെ പഞ്ചായത്ത് പ്രസിഡന്റിനെ അറിയിച്ചിട്ടുള്ളതുമാണ്. 23.08.2017 ലെ വിചാരണയ്ക്കായി എതിർകക്ഷി ശ്രീ. പ്രേംജി പോൾ എന്നവർ ഹാജരായിട്ടുള്ളതും എന്നാൽ അപ്പീൽ കക്ഷി ഹാജരായിട്ടില്ലാത്തതുമാകുന്നു. ബഹു.ഹൈക്കോടതിയുടെ WP© 9802/2017 നം.കേസിലെ 22/03/2017 ലെ ഉത്തരവ് അനുസൃതമായി അപ്പീൽ കക്ഷിയ്ക്കും എതിർകക്ഷിയ്ക്കും വാദങ്ങൾ ബോധിപ്പിയ്ക്കുന്നതിന് നിരവധി തവണ വിചാരണ വച്ചിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ തിരക്കായതിനാൽ വിചാരണ തീയതി മാറ്റിക്കിട്ടണം എന്നു കാണിച്ച് ചൂണ്ടൽ പഞ്ചായത്ത് അധികൃതർ കത്തു നൽകിയിട്ടുള്ളതാണ്. അവസാനമായി വിചാരണ നടത്തിയ തീയതിയിലും അപ്പീൽ കക്ഷികൾ ഇതേ ആവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ ബഹു.ഹൈക്കോടതിയുടെ വിധിന്യായം സമയ ബന്ധിതമായി നടപ്പിലാക്കേണ്ടതിനാൽ ശ്രീ.പ്രേംജി പോളിന്റെ വിചാരണ പൂർത്തീകരിച്ചിട്ടുള്ളതാണ്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ചിറനല്ലൂർ വില്ലേജിൽ സർവ്വെ 1041/1, 1042/2 എന്നിവയിൽപ്പെട്ട 0.057 ഹെക്ടർ ( 14 സെന്റ്) നിലത്തിന് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം ഗാർഹിക ആവശ്യത്തിനായി പരിവർത്തനാനുമതി നൽകികൊണ്ട് തൃശ്ശൂർ സബ്.കളക്ടർ സൂചന പ്രകാരം അനുമതി നൽകിയിട്ടുള്ളത് . ടി സ്ഥലം റവന്യൂ രേഖയായ അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം നിലം എന്നു രേഖപ്പെടുത്തിയിട്ടുള്ളതും അതോടൊപ്പം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമായിട്ടുള്ള സ്ഥലത്ത് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം സബ് കളക്ടർ അനുമതി നൽകിയത് നിയമാനുസൃതമല്ലെന്നുമാണ് അപ്പീൽ കക്ഷികൾ വാദിക്കുന്നത്.

എതിർകക്ഷി ശ്രീ.പ്രേംജി പോളിന്റെ കൈവശത്തിലും കരം തീരുവയിലും പെട്ട റീസർവ്വെ 1041/1, 1042/1, 1042/2 എന്നിവയിൽ ഉൾപ്പെട്ട 38 സെന്റ് സ്ഥലത്ത് റീസർവ്വെ 1042/2 ലെ 14 സെന്റ് സ്ഥലം അനധികൃതമായി പരിവർത്തനപ്പെടുത്തിയ വിഷയത്തിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ 19.11.2012 തീയതിയിൽ പുറപ്പെടുവിച്ച ബി.3/6123/2010 നമ്പർ ഉത്തരവിൽ ശ്രീ.പ്രേംജി പോളിന്റെ വസ്തു 2008 ന് മുമ്പ് നികത്തപ്പെട്ടതാണെന്നും കഴിഞ്ഞ 10 വർഷത്തോളമായി കൃഷി ചെയ്തിട്ടില്ലെന്നും കൃഷി ചെയ്യാൻ പറ്റാത്ത സാഹചര്യമാണെന്നും കണ്ടെത്തിയിട്ടുള്ളതാണ്. ടി ഉത്തരവിൽ ചൂണ്ടൽ കൃഷി ഓഫീസർ നൽകിയ റിപ്പോർട്ടിന്റെയും തൃശ്ശൂർ സബ്.കോടതി മുമ്പാകെ ഫയൽ ചെയ്ത O.S 779/10/IA-4071 നമ്പർ കേസിൽ അഡ്വക്കേറ്റ് കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിയ്ക്കാസ്പദമായ സ്ഥലം 2008 ന മുമ്പ് നികത്തപ്പെട്ടതാണെന്നും ആയത് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളത് അപാകതയാണെന്നും തൃശ്ശൂർ ജില്ലാ കളക്ടർ കണ്ടെത്തിയിട്ടുള്ളതാണ്.

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നെൽവയൽ എന്നാൽ സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നതും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നെൽകൃഷി ചെയ്യുന്നതോ അല്ലെങ്കിൽ നെൽകൃഷിക്കനുയോജ്യമായതും എന്നാൽ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്നതോ ആയ എല്ലാത്തരം നിലവും എന്നർത്ഥമാകുന്നതും അതിന്റെ അനുബന്ധ നിർമ്മിതികളായ ചിറകളും ജലനിർഗ്ഗമന ചാലുകളും കുളങ്ങളും കൈത്തോടുകളും ഉൾപ്പെടുന്നതുമാകുന്നു. ആയത് പ്രകാരം പരിശോധിക്കുമ്പോൾ പരാതിയ്ക്കാസ്പദമായ സ്ഥലം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടത് അപാകതയാണെന്നും ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ശ്രീ.പ്രേംജി പോളിന്റെ വസ്തുവിന് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ച തൃശ്ശൂർ സബ്.കളക്ടറുടെ ഉത്തരവ് ശരിവയ്ക്കുന്നു.

പരാതിയ്ക്കാസ്പദമായ വസ്തുവിന് സമീപത്തായി ഇറിഗേഷൻ വകുപ്പ് നിർമ്മിച്ച ചിറ നിലനിൽക്കുന്നുണ്ടെന്നും കീച്ചേരി പുഴയിലേക്കുള്ള ചാനൽ ടി സ്ഥലത്തുകൂടിയാണ് ഒഴുകുന്നതെന്നും സ്ഥലം നികത്തുന്നതിലൂടെ മഴക്കാലത്ത് ജലത്തിന്റെ നിർഗമന സ്രോതസ്സ് തടസ്സപ്പെടുമെന്നുമാണ് അപ്പീൽ കക്ഷികൾ വാദിക്കുന്നത്. എന്നാൽ ടി ആരോപണത്തിന്

ബദലായി എന്തെങ്കിലും രേഖകളോ തെളിവുകളോ ഹാജരാക്കാൻ അപ്പീൽ കക്ഷിയ്ക്ക് കഴിഞ്ഞിട്ടില്ല. അടിസ്ഥാനമില്ലാത്ത ആരോപണത്തിന്റെ പേരിൽ എതിർകക്ഷിയ്ക്ക് നീതി നിഷേധിക്കാൻ കഴിയില്ല. അതോടൊപ്പം തന്നെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം സബ്.കളക്ടർ നൽകിയ ഉത്തരവിൽ സമീപ കൃഷിയ്ക്ക് തടസ്സം ഉണ്ടാകരുതെന്നും ജല നിർഗമന സ്രോതസ്സുകൾക്ക് യാതൊരു തടസ്സവും സൃഷ്ടിയ്ക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ തൃശ്ശൂർ സബ്.കളക്ടറുടെ സൂചന 1 പ്രകാരമുള്ള ഉത്തരവ് ശരിവച്ചുകൊണ്ട് അപ്പീൽ തള്ളി തീർപ്പാക്കുന്നു.

17-ാം തീയതി/ ഒക്ടോബർ മാസം / 2017

(ഒപ്പ് /-)

ലാൻഡ് റവന്യൂ കമ്മീഷണർ

സ്വീകർത്താവ്

സെക്രട്ടറി, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് (Registered Post/Ad)

തൃശ്ശൂർ

പകർപ്പ്

1. റവന്യൂ ഡിവിഷണൽ ഓഫീസർ
   തൃശ്ശൂർ
2. ശ്രീ.പ്രേംജി പോൾ (Registered Post / Ad)
   വാഴപ്പിള്ളി ഹൗസ്
   ചിരനെല്ലൂർ , തൃശ്ശൂർ 6800501

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

സെക്ഷൻ ഓഫീസർ